# 28

# ക്രൂശിന്റെ വലിയ വാക്കുകൾ, 1

**റോമർ 5:11-21**

*"അത്രയുമല്ല, നമുക്കു ഇപ്പോൾ നിരപ്പു ലഭിച്ചതിന്നു കാരണമായ, നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നാം ദൈവത്തിൽ പ്രശംസിക്കയും ചെയ്യുന്നു" (റോമർ 5:11; കെജെവി).*

**"നിരപ്പു"**

തിരുവെഴുത്തുകൾ നമ്മെ ക്ഷണിക്കുന്നതിനേക്കാൾ വിസ്മയം ജനിപ്പിക്കുന്നത് ചരിത്രത്തിൽ മറ്റൊന്നുമില്ല. ദൈവം നമ്മെ ക്രൂശിന്റെ ആഴത്തിലേക്കു ഇറങ്ങുവാൻ ക്ഷണിക്കുന്നു. നാം അതനുസരിക്കുമ്പോൾ, നന്ദി നിറഞ്ഞു സ്തബ്ധരായിത്തീരും.

ദൈവവുമായി ഏകീഭവിക്കുന്ന, നിരപ്പു, ബൈബിളിലെ ഏറ്റവും വലിയ വിഷയങ്ങളിൽ ഒന്നാണ്. മറ്റു മതങ്ങളിൽ നിന്നും ക്രിസ്ത്യാനിത്വത്തെ വേർപെടുത്തി നിർത്തുന്നത് ആ ഒരു സത്യമാണ്. ഒരു ദിവസം – ക്രൂശിൽ, യേശുവിന്റെ മരണത്തിൽ, പാപിയായ മനുഷ്യൻ ദൈവത്തിന്റെ നിത്യമായ സ്നേഹത്തെ കാണുന്നു (യോഹന്നാൻ 3:16).

പാപം വിശുദ്ധിയെ ലംഘിക്കുകയും നീക്കം ചെയ്യുകയുമാണ്. പാപത്താൽ, മനുഷ്യൻ വിശുദ്ധനായ ദൈവത്തിൽ നിന്നു വേർപിരിയുന്നു. ഒരു പാപിക്കും ദൈവമുൻപിൽ നില്ക്കുവാനുള്ള അവകാശമില്ല. പാപത്തിലുള്ള മനുഷ്യനു രക്ഷിക്കപ്പെടുവാൻ കഴിയുമോ? എങ്കിൽ, എങ്ങനെ, എപ്പോൾ, ആർ മുഖേന? സകല പ്രശ്നങ്ങളിലും വലുതാണ് പാപം, എന്നാൽ യേശു അതു പരിഹരിക്കുവാനാണ് മരിച്ചത്.

രക്ഷിക്കപ്പെട്ടവരെ അന്വേഷിച്ചുകൊണ്ടല്ല യേശു വന്നതു, മറിച്ചു നഷ്ടപ്പെട്ടവരെ അന്വേഷിച്ചു കൊണ്ടാണ് (ലൂക്കൊസ് 19:10). ദൈവം ക്ഷമിക്കുന്ന ദൈവം ആണെന്നു കാണിക്കുന്ന അവിശ്വസനീയ വെളിപ്പാടാണ് ക്രൂശ്. നിരപ്പു ദൈവത്തിന്റെ സ്നേഹ ദാനമാണ്!

നമ്മുടെ നഷ്ടപരിഹാരത്തിനും മനസ്സിലാക്കലിനും അപ്പുറമാണ് നിരപ്പു. ഒരിക്കലും മനസ്സിലാക്കാൻ കഴിയാത്തതുപോലും വിശ്വസിക്കുന്നതാണ് വിശ്വാസം. പോരായ്മയുള്ള വ്യക്തത വിലക്കു വാങ്ങുന്നതിനേ

ക്കാൾ ശ്രേഷ്ഠമാണ് മനസ്സിലാക്കുവാൻ കഴിയാത്ത വേദശാസ്ത്രം സ്വീകരിക്കുക എന്നത്. നിരപ്പു കൂടാതെ ദൈവത്തോടുള്ള കൂട്ടായ്മ വാസ്തവത്തിൽ അസാധ്യമാണ്. പാപത്തിനു യോഗ്യമായ പിഴ യേശു ഏറ്റുവാങ്ങി. അതുകൊണ്ടു, പാപികൾ ക്രൂശിക്കലിൽ ആശ്രയിക്കുന്നു. വേറെ വഴിയായി പാപികളെ രക്ഷിപ്പാൻ കഴിയുമായിരുന്നെങ്കിൽ, ദൈവം തന്റെ ഏക മകനെ യാഗമർപ്പിക്കുന്ന ഒരു ദുഷ്ടനായി തീരുമായിരുന്നു. യേശുവിനെ കുറ്റം ചുമത്തിയവർ അറിഞ്ഞുകൊണ്ടു ഒരു മുഖ്യ സത്യം പറഞ്ഞു: "അവനു മറ്റുള്ളവരെ രക്ഷിപ്പാൻ കഴിഞ്ഞു; സ്വയമായി രക്ഷിപ്പാൻ കഴിഞ്ഞുമില്ല" (മർക്കൊസ് 15:31; നോക്കുക ലൂക്കൊസ് 23:35). നമ്മുടെ കർത്താവിനു തുല്യനോ പ്രതിയോദ്ധാവോ ഇല്ല. അവൻ യെഹൂദ്യയുടെ സിംഹം ആകുന്നു (വെളിപ്പാട് 5:5), എന്നാൽ അവൻ ദൈവത്തിന്റെ കുഞ്ഞാടുമാണ്. നാം വളരെ എളുപ്പത്തിൽ സിംഹത്തെ തിരിച്ചറിയും. എങ്ങനെയായാലും, വിജയം വന്നതു സിംഹത്താലല്ല, കുഞ്ഞാടിനാലാണ് (1 പത്രൊസ് 1:18, 19). കുഞ്ഞാടിനെ കുറിച്ചുള്ള വലിയ ഉപദേശം വെളിപ്പാടിൽ ഉണ്ട്.[1]

"നിരപ്പു" എന്ന വാക്കിനർത്ഥം "ഭേദഗതി വരുത്തുക, കാര്യങ്ങൾ ശരിയാക്കുക, തെറ്റു ചെയ്യപ്പെട്ട ആൾക്കു തൃപ്തി വരുത്തുക" എന്നാണ്. "ദൈവം നീതിമാനാണ്" എന്നു നിരപ്പ് സൂചിപ്പിക്കുന്നു. നമ്മുടെ പ്രശ്നത്തിനു അവന്റെ തീരുമാനം ശരിയാണ് – പാപം. പരിഹാരത്തിനുള്ള അവന്റെ തീരുമാനം ശരിയാണ് – ക്രൂശ്. നിരപ്പു ഒരു വൈരക്കല്ല് പോലെയാണ്: ഏതെങ്കിലും ഒരു ദിശയിൽ നിന്നും അതു മുഴുവനായി നമുക്ക് കാണുവാൻ സാധ്യമല്ല. ക്രൂശിന്റെ ഒരു ഭാഗം മറ്റുള്ളവയേക്കാൾ പ്രാധാന്യമുള്ളതാക്കിയാൽ വലിയ കുഴപ്പങ്ങൾ ആയിരിക്കും ഫലം. യേശു ഒരു ക്രൂശിന്മേൽ മരിച്ചു – അതാണ് ചരിത്രം. യേശു എനിക്കുവേണ്ടിയാണ് മരിച്ചത് – അതാണ് രക്ഷ. യേശു നമുക്കു ഓരോരുത്തർക്കും വേണ്ടിയാണ് മരിച്ചത് എന്നു നാം വിശ്വസിക്കുവാനും സ്വീകരിക്കുവാനും പഠിക്കണം.

### നിരപ്പും നീതീകരണവും

തിരുവെഴുത്തുകളുടെ ഹൃദയ ഭാഗം റോമർ ആണെന്നും റോമാലേഖനത്തിന്റെ ഹൃദയഭാഗം റോമർ 3:20–26 ആണെന്നും പറയപ്പെടുന്നു. ആ വേദഭാഗത്തു പൗലൊസ് "... അവൻ നീതിമാനും നീതീകരിക്കുന്നവനുമാണ് " എന്ന പദം പ്രയോഗിച്ചിരിക്കുന്നു. നിരപ്പ് നീതിയിന്മേലാണ് ഉറപ്പിച്ചിരിക്കുന്നത്. ബൈബിളിൽ "നീതീകരണം" എന്നതും "നീതി" എന്നതും അടിസ്ഥാനപരമായി ഒരേ രീതിയിലാണ് ഉപയോഗിച്ചിട്ടുള്ളത്. സ്പഷ്ടമായും, നീതിയെക്കുറിച്ചു പറയാതെ ഒരാൾക്കു നീതീകരണത്തെ കുറിച്ചു പഠിപ്പിക്കുവാൻ സാധ്യമല്ല. കുറ്റമുള്ളവനെ ദൈവത്തിനു എങ്ങനെ നീതീകരിക്കുവാൻ കഴിയും? കാലത്തിനും മറവിക്കും പാപത്തെ ഇല്ലാതാക്കുവാൻ സാധ്യമല്ല. പാപത്തെ ഉറപ്പിക്കുവാനും കഴിയുന്നതല്ല. ദൈവത്തിനുപോലും പാപം ഉറപ്പുള്ളതാക്കാൻ കഴിയുകയില്ല. പാപം അതിന്റെ പിഴ കൊടുക്കുകയും, ശിക്ഷിക്കപ്പെടുകയും വേണം. യേശു അതു മുഴുവൻ കൊടുത്തു തീർത്തു! അതുകൊണ്ട് പാപത്തിനു

ദൈവത്തിന്റെ ഉത്തരം ക്രൂശ് ആണ്.

നമ്മുടെ സംസ്ക്കാരം ഈ സത്യത്തിനു ഇടർച്ചയാണ് (1 കൊരിന്ത്യർ 1:22–25). പാപത്തിൽ നഷ്ടപ്പെട്ടിരിക്കുന്നതു അവനു സ്വയമായി കാണുവാൻ കഴിയുകയില്ല. പ്രാപഞ്ചികത്വം പറയുന്നു, "നിങ്ങളെ നരകത്തിൽ പോകുവാൻ അനുവദിക്കുവാൻ കഴിയാത്തത്ര നല്ലവനാണ് ദൈവം." എങ്ങനെയായാലും, പരിശുദ്ധനായ ദൈവത്തിനു പാപത്തെ ശിക്ഷിക്കാതിരിപ്പാൻ കഴിയുകയില്ല. ദൈവം നീതിയുടെ ദൈവമാണ്. "ദൈവം സ്നേഹിക്കുന്നവനും അവൻ പാപത്തെ കണ്ടില്ലെന്നു നടിക്കുന്നവനുമാണ്" എന്ന ആശയം സ്വീകരിക്കരുത്! നീതിയെ വഞ്ചിക്കുവാൻ കരുണക്കാകുകയില്ല. ദൈവത്തിനു താൻ ആയിരിക്കുന്നതിൽ കുറയുവാൻ സാധ്യമല്ല. വൈകാരിക സ്നേഹത്തേക്കാൾ ഉയർന്ന തത്വമാണ് നീതി. നീതി ആവശ്യപ്പെടുന്നതു, കൃപ നല്കുന്നു. മനുഷ്യനു ചെയ്യുവാൻ കഴിയാതിരുന്നതു, മനുഷ്യപുത്രനിൽ (യേശു) ദൈവം നടത്തി.

ബൈബിൾ വേദശാസ്ത്രത്തിലെ പ്രധാനഭാഗമാണ് നീതി. ക്രൂശിൽ വിശ്വസിക്കുക എന്നാൽ നീതിയെയും നരകത്തെയും സ്വീകരിക്കുക എന്നർത്ഥം. നീതിക്കപ്പുറം (വിശുദ്ധി) സ്നേഹത്തിനു പ്രസക്തിയില്ല. നീതി ഇല്ലാതെ, കൃപ അനാവശ്യമാണ്. നീതി ഇല്ലെങ്കിൽ, ക്രൂശിനു ഉദ്ദേശം ഇല്ലാതാകും. സ്നേഹവും വിശുദ്ധിയും ഒരുമിച്ചു പോകും. തെറ്റു ഒരു കുറ്റകരമായ കാര്യമല്ലെങ്കിൽ, പിന്നെ യേശു മരിച്ചതു വെറുതെയാകും. പാപം കഴുകപ്പെടണം – അല്ലാതെ കണ്ടില്ലെന്നു നടിക്കുകയല്ല വേണ്ടതു (1 കൊരിന്ത്യർ 6:11).

യേശുവിന്റെ അവതാരം, അതിൽ തന്നെ, നമ്മെ രക്ഷിക്കുവാൻ സാധ്യമല്ല. യേശുവിന്റെ തികഞ്ഞ ജീവിതത്തിനും നമ്മെ രക്ഷിപ്പാൻ കഴിഞ്ഞില്ല. യേശുവിന്റെ പൂർണ്ണമായ ഉപദേശങ്ങൾ, മാത്രം കൊണ്ടും, നമ്മെ രക്ഷിപ്പാൻ കഴിഞ്ഞില്ല. രക്തം വേണ്ടിയിരുന്നു: "... [ര]ക്തം ചിന്തിയാലല്ലാതെ വിമോചനം ഇല്ല" (എബ്രായർ 9:22). മരണം വേണ്ടിവന്നു: "... ഒരു മരണം ഉണ്ടായിട്ടു" (എബ്രായർ 9:15–17; നോക്കുക 2:9; റോമർ 5:10; കൊലൊസ്യർ 1:22).

യേശുവിനെ ക്രൂശിക്കാൻ കാരണമായത് സ്നേഹം മാത്രമായിരുന്നില്ല – അതു സ്നേഹവും നീതിയും ആയിരുന്നു. ദൈവം *നീതിമാൻ* ആണ്. അവൻ *നീതീകരിക്കുന്നവനു*മാണ്. ദൈവം *ധാർമ്മികൻ* ആണ്. മനുഷ്യനു തന്റെ യോഗ്യതയാൽ ചെയ്യുവാൻ കഴിയാതിരുന്നതു ദൈവം കൃപയാൽ ചെയ്തു. അതുകൊണ്ടാണ്, "അതു നിവർത്തിയായി!" എന്നു യേശു ക്രൂശിൽ മരിച്ചുകൊണ്ടിരുന്നപ്പോൾ പറഞ്ഞതു. "അവൻ കടപ്പെടാത്ത കടം കൊടുത്തു തീർത്തു; എനിക്കു കൊടുപ്പാൻ കഴിയാത്ത കടം ആയിരുന്നു എന്റേത്."[2] യേശുവിന് സ്വയമായോ നമ്മെയോ രക്ഷിക്കാമായിരുന്നു. നമ്മെ രക്ഷിക്കുവാൻ അവൻ തന്നെത്തന്നെ നല്കി. മനുഷ്യന്റെ ന്യായകർത്താവു മനുഷ്യരുടെ രക്ഷകനായി തീർന്നു (യോഹന്നാൻ 5:22–27).

അതുകൊണ്ടു, നീതീകരണത്തോടെയാണ് രക്ഷ ആരംഭിക്കുന്നതും അവസാനിക്കുന്നതും. ക്രിസ്തുവിൽ, നാം നീതീകരിക്കപ്പെട്ടു. നാം പാപം ചെയ്തിരുന്നു, എന്നാൽ ദൈവം നമ്മോടു ക്ഷമിച്ചു. ദൈവനീതി നമുക്ക്

വിപരീതമാകയാൽ അതു ക്രിസ്ത്യാനികളെ പോലും അതിശയകര മായി എടുക്കുന്നു.

**നിരപ്പും പകരവും**

കാൽവരി മദ്ധ്യത്തിലെ കുരിശ് യേശുവിന്റേതായിരുന്നില്ല; അതു നിങ്ങൾക്കും എനിക്കും ഉള്ളതായിരുന്നു! അവന്റെ ക്രൂശീകരണം *പക രമായി ചെയ്യുന്നതും, പ്രതിനിധീകരിക്കുന്നതും, വേറൊരാൾക്കുവേണ്ടി യു*മായിരുന്നു! നമുക്കുള്ള മരണം ആയിരുന്നു യേശു ഏറ്റെടുത്തത്; കൂടാതെ നാം അവന്റെ അടുക്കൽ വന്നു അവനിൽ ജീവിക്കുമ്പോൾ, അവൻ തരുന്നതായ പാപമോചനം നാം അനുഭവിക്കുന്നു. പകരം വയ്ക്കാനാവാതെ, ക്രൂശ് എന്നത് ഭയങ്കരമായി മരിച്ച ധൈര്യശാലിയായ ഒരാളുടെ കഥ മാത്രമാണ്. നമുക്കു സ്വയമായി രക്ഷിക്കപ്പെടുവാൻ കഴി യാത്തതുകൊണ്ടു, രക്ഷിക്കപ്പെടണമെന്നുണ്ടെങ്കിൽ മറ്റാരെങ്കിലും നമ്മെ രക്ഷിക്കണം.

എന്റെ രക്ഷക്കു ഞാൻ എന്തു സംഭാവന ചെയ്തു? എന്റെ പാപം! എല്ലാ നിലയിലും നമുക്കു പകരമായി തീരുവാൻ തികഞ്ഞ വ്യക്തി യേശു വായിരുന്നു. മനുഷ്യപുത്രന്മാർ ദൈവപുത്രന്മാരായി തീരുമാറാകേണ്ടതിന് ദൈവപുത്രൻ മനുഷ്യപുത്രൻ ആയി തീർന്നു. ക്രിസ്തുവിന്റെ രക്തം ആദ്യം തന്നത് നമുക്കു *വേണ്ടി* ആയിരുന്നു, പിന്നെ, ദിവസം തോറും അത് നമു*ക്ക്* തരികയും ചെയ്യുന്നു.

മറ്റൊരാളുടെ കഷ്ടതയും യാഗവും കൊണ്ടു ഒരു വ്യക്തിക്കു ഗുണം കിട്ടുമോ? ഉവ്വ്! ജീവിതം തന്നെ പകരം എന്ന ആശയം കൊണ്ടു നിറ ഞ്ഞിരിക്കുന്നു. അതു യുക്തിസഹജവും, നിയമപരവും, സന്ദർഭോചിത വുമാണ്. പഴയ നിയമത്തിലെ യാഗ വ്യവസ്ഥകൾ ഈ സത്യം നമ്മെ പഠിപ്പിക്കുന്നുണ്ട്. "ബലിയാട്" സ്പഷ്ടമായ ഉദാഹരണമാണ്. പകര ത്തിന്റെ ആഴം വെളിപ്പെടുത്തുന്നതാണ് മനോഹരമായ യെശയ്യാവു 53. ആ അദ്ധ്യായത്തിന്റെ പ്രാധാന്യം തന്നെ യാഗമാണ്. ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടാണ് യേശു (വെളിപ്പാട് 13:8). അതിലെ പേജുകളിൽ എല്ലാം, ബൈബിൾ പകരത്തെ ഉറപ്പിക്കുന്നുണ്ട്.[3] യേശു വിനെ പാപം ആക്കി. അവൻ നമുക്കുവേണ്ടി പാപം ആയി. ക്രൂശിൽ സംഭവിച്ചതിനേക്കാൾ കൂടുതൽ അനീതിയോ നീതിയോ ഒരിടത്തും ഉണ്ടാ യിട്ടില്ല!

അനീതിയിലുള്ളവനെ എങ്ങനെ നീതിമാനാക്കുവാൻ കഴിയും? നമ്മുടെ നീതി എന്നത് ഒരു "പ്രഖ്യാപിക്കപ്പെട്ട നീതിയാണ്" (നോക്കുക റോമർ 3:25, 26; കെജെവി; ഫിലിപ്പിയർ 3:9; യാക്കൊബ് 2:23). ആർക്കും സ്വയം നീതിമാൻ എന്നു പ്രഖ്യാപിക്കുവാൻ സാധ്യമല്ല (റോമർ 3:9, 10, 20). സ്വയ – നീതീകരണം അസാധ്യമാണ്. നീതീകരിക്കുന്നവൻ ദൈവം ആകുന്നു (റോമർ 8:33), അവൻ സൗജന്യമായാണ് അതു ചെയ്യുന്നത് (റോമർ 3:24). അതൊരു ദാനമാണ്. ഒരു ദാനത്തിൽ, ദാനം ചെയ്യുന്ന വനും ദാനം സ്വീകരിക്കുന്നവനും *രണ്ടും* ഉണ്ടാവണം. ഒരു ദാനം അത് സ്വീകരിക്കുന്നതുവരെ ദാനമല്ല. കൂടാതെ, ദാനം ഉപയോഗിക്കുന്നതുവരെ അതു ദാനമേ ആകുന്നില്ല. നമുക്ക് ഒരു പാപപ്രശ്നം ഉണ്ട്. നമുക്കു പക

രമായി, യേശുവിനു മാത്രമെ, നമ്മിൽ നീതി തരുവാൻ കഴിയുകയുള്ളൂ.

ദൈവത്തിനു പാപത്തെ കണ്ടില്ലെന്നു നടിക്കുവാനോ പുറംതള്ളുവാനോ കഴിയുകയില്ല. അവൻ നമ്മുടെ പാപം അവനിൽ വഹിക്കുകയും ശിക്ഷിക്കുകയും ചെയ്തു. ദൈവ വിശുദ്ധി ആദരിക്കപ്പെടുകയും, നമ്മുടെ പാപം ശിക്ഷിക്കപ്പെടുകയും, അവനെ അനുസരിച്ചവരെ അവൻ വീണ്ടെടുക്കയും ചെയ്തു. രക്ഷിക്കപ്പെട്ടവരെ ദൈവം നീതിമാന്മാരാക്കുകയും ചെയ്യുന്നു. അതു നിയമപരമായ (നിയമപ്രകാരം) പ്രഖ്യാപനമാണ്. അതു "നീതീകരിക്കപ്പെട്ട നീതിയാണ്."

ഈ നടപടിയിൽ ദൈവം മോശക്കാരായവരെ നല്ലവരാക്കുകയോ ദുഷ്ടരെ വിശുദ്ധരാക്കുകയോ അല്ല. ക്രിസ്ത്യാനികൾ വിശ്വസ്തരാണ് – പൂർണ്ണരല്ല. നാം പരീക്ഷിക്കപ്പെട്ടവരും പാപികളും ആണ്; നാം കുറവുള്ളവരായിരുന്നു (റോമർ 3:9–12). ക്രിസ്ത്യാനികൾ ഇന്നും ഈ ഭൂമിയിൽ ജീവിക്കുന്നത്, കാലത്തിലും, ജഡത്തിലുമാണ്. ജഡത്തിൽ ഒരു നന്മയുമില്ല എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (റോമർ 7:18). ക്രിസ്ത്യാനികൾ ... സാത്താനോടും പാപത്തോടും, തന്നോടും യുദ്ധത്തിലാണ്. എങ്ങനെയായാലും, വെളിച്ചത്തിൽ നടക്കുന്ന ക്രിസ്ത്യാനികൾ അവന്റെ രക്തം മുഖാന്തരം തുടർച്ചയായി ശുദ്ധീകരിക്കപ്പെടുന്നു (1 യോഹന്നാൻ 1:7). ക്രിസ്ത്യാനികളെ ദൈവം നിയമം ലംഘിച്ച എല്ലാ ബാധ്യതകളിൽ നിന്നും വിടുവിച്ചു, നിയമപരമായി നീതിമാന്മാരായി പ്രഖ്യാപിച്ചു, കാരണം അവൻ തന്നെ, തന്റെ പുത്രനിൽ, പിഴയെല്ലാം ഏറ്റു. നാം ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുകയും അങ്ങനെ അവനെ ധരിക്കുകയും ചെയ്തു (റോമർ 6:3, 4; ഗലാത്യർ 3:26, 27). "പ്രഖ്യാപിക്കപ്പെട്ട നീതിമാന്മാർ" ആകുമ്പോൾ നമ്മുടെ നിലവാരം മാത്രമല്ല മാറുന്നത്, കൂടാതെ, നമ്മുടെ സ്വഭാവത്തിലും പെരുമാറ്റത്തിലും മാറ്റം ഉണ്ടാകുന്നു.

നിരപ്പുകൂടാതെ നീതീകരണം സാധ്യമല്ല. കൃപ സൗജന്യമായി തരുന്നതു അനുസരണമുള്ള വിശ്വാസം സ്വീകരിക്കുന്നു. ക്രൂശ് ദൈവത്തിന്റെ അഭേദ്യമായ മർമ്മമാണ്, നമ്മുടെ മനസ്സുകൾക്ക് അളക്കുവാൻ കഴിയുന്നതിനേക്കാൾ വലിയ സ്നേഹമാണത്. വാസ്തവത്തിൽ, നമുക്കു മനസ്സിലാക്കാവുന്ന, ഒരാളല്ല ദൈവം, എന്നാൽ നമുക്കാശ്രയിക്കാവുന്നവനാണ് ദൈവം.

ക്രിസ്ത്യാനിത്വത്തിന്റെ വിമർശകർ പകരത്തെ വെറുപ്പോടെയാണ് കാണുന്നത് കാരണം പകരം യാഗത്തെ വലുതാക്കി കാണിക്കുന്നു. എങ്ങനെയായാലും, ക്രിസ്തീയ വേദപുസ്തകത്തിൽ മതത്തിന്റെ മുഴുവൻ ആശയവും യാഗത്തെ ആസ്പദമാക്കിയുള്ളതാണ്. ഉല്പത്തി മുതൽ വെളിപ്പാട് വരെ, പാപത്തിനു ഒരു യാഗം ഉണ്ടാവണമെന്ന് ദൈവം കല്പിച്ചിരുന്നു. യേശുവിനെ നല്ല ഒരു ഉപദേഷ്ടാവായിട്ടോ, ഒരുപകാരിയായോ, അല്ലെങ്കിൽ വെറും ഒരു വ്യക്തിയായോ മാത്രം കാണരുത് – അവൻ നമ്മുടെ യാഗം ആണ്. ദൈവം നിരപ്പിക്കുന്നവനും നിരപ്പും ആണ്. മനുഷ്യത്വത്തിന് പകരം ആണ് യേശു. അവൻ ഒരു മൃഗത്തെ അർപ്പിച്ചില്ല; അവൻ തന്നെത്തന്നെ അർപ്പിച്ചു. യേശു ഒരു പ്രധാന പുരോഹിതനും യാഗവുമായിത്തീർന്നു എന്നു എബ്രായ ലേഖനം വെളിപ്പെടുത്തിയിരിക്കുന്നു. ഒരു എഴുത്തുകാരൻ പറഞ്ഞു, "ക്രിസ്തു നമ്മുടെ പാപങ്ങൾക്കു

വേണ്ടി തന്നെത്താൻ പുരോഹിതനായി അർപ്പിച്ചതുകൊണ്ടു, നമ്മെ രക്ഷിക്കുന്നു."[4] പഴയ നിയമത്തിൽ, യിസ്രായേൽ മിസ്രയിം വിട്ടു പോരുവാൻ ഒരുങ്ങിയപ്പോൾ ഓരോ കുടുംബത്തിന്റേയും വാതിൽപ്പടിയിൽ ദൈവം രക്തം കണ്ടാൽ അവരെ രക്ഷിക്കുമായിരുന്നു (പുറപ്പാട് 12:13). ദൈവത്താൽ വീണ്ടെടുക്കപ്പെട്ടവരെയെല്ലാം അവനുവേണ്ടി വിലക്കു വാങ്ങുകയായിരുന്നു. നമ്മുടെ ശരീരങ്ങൾ മൂന്നിരട്ടിയായി ദൈവത്തിനുള്ളതാണ് – അത് സൃഷ്ടിത്വത്താലും, വീണ്ടെടുപ്പിനാലും, പരിശുദ്ധാത്മാവു നമ്മിൽ വസിക്കുന്നതിനാലുമാണ്.[5]

### നിരപ്പും ദത്തെടുപ്പും

ഒരു കുട്ടിയെ ദത്തെടുക്കുവാൻ മാതാപിതാക്കളെ സഹായിക്കുന്നതിനേക്കാൾ മറ്റൊന്നും നമ്മുടെ ശുശ്രൂഷകളിൽ ആവേശം പകരുന്നില്ല. ദത്തെടുക്കൽ നടപടി പേപ്പറിൽ ഒപ്പിട്ടു കഴിഞ്ഞാൽ, നമ്മൾ വിചാരിക്കും, "ആ കുഞ്ഞു എത്ര അനുഗ്രഹീതൻ എന്ന് അതിനു മനസ്സിലാകുന്നില്ലല്ലോ." ദത്തെടുക്കൽ ആശയം എന്നത് ക്രിസ്ത്യാനിത്വത്തിന്റെ ത്യജിക്കപ്പെട്ട ഭാഗമാണ്. നാം അതിനെക്കുറിച്ചു പഠിക്കുകയോ, സംസാരിക്കയോ ചെയ്യുന്നത് അപൂർവ്വം.

നമുക്ക് അതു മാറ്റി നമ്മുടെ ദത്തെടുക്കലിൽ പരിശുദ്ധാത്മാവിനുള്ള പങ്കിനെ കുറിച്ചു ചിന്തിക്കാം. ആരംഭമായി, നാം ക്രിസ്ത്യാനികളായപ്പോൾ വെള്ളത്താലും ആത്മാവിനാലും ജനിച്ചവരാണ് എന്നോർക്കുക (യോഹന്നാൻ 3:3-7). ആത്മാവിനാൽ നടത്തപ്പെട്ടു, നാം ദൈവമക്കളായി തീർന്നു. അവൻ ദത്തെടുക്കലിന്റെ ആത്മാവാണ്. അവൻ നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു (റോമർ 8:14-18). അതു നമ്മെ "ക്രിസ്തുവിൽ കൂട്ടവകാശികളാക്കി തീർ ക്കുന്നു." ദൈവം അടിമകളെയല്ല, മക്കളെയാണ് ആഗ്രഹിക്കുന്നത്. പഴയ നിയമത്തിൽ, വിദൂരസ്ഥനായിരുന്ന ദൈവം, ക്രിസ്ത്യാനിക്കു "അബ്ബാ! പിതാവു!" ആണ്. നമുക്കു മനസ്സിലാക്കാവുന്നതിനേക്കാൾ അപ്പുറമാണ് ഈ സത്യം! വീണ്ടെടുപ്പാണ് ദത്തെടുക്കൽ സാധ്യമാക്കിയത്. പരിശുദ്ധാത്മാവു "അബ്ബാ! പിതാവേ!" എന്നു വിളിക്കുന്ന ആത്മാവിനെ ഒരു ദൈവപൈതലിൽ വാഗ്ദാനം ചെയ്യുന്നു (ഗലാത്യർ 4:4-7).

അത്ഭുതമായ കൃപ! ക്രിസ്തു മുഖാന്തരം തന്റെ കൃപയാൽ നമ്മെ ദത്തെടുക്കുവാൻ ദൈവം മുൻനിർണ്ണയിച്ചു. ദൈവം അവനു പ്രിയനായവനിൽ, അതായതു യേശുവിൽ നമ്മെ സ്വീകരിച്ചു. അവന്റെ രക്തം മുഖാന്തരമാണ് വീണ്ടെടുപ്പുണ്ടാകുന്നത്. രക്ഷയുടെ സുവിശേഷ സന്ദേശം നാം അനുസരിക്കുമ്പോൾ, പരിശുദ്ധാത്മാവു എന്ന വാഗ്ദാനത്താൽ നമ്മെ മുദ്രയിടുന്നു (എഫെസ്യർ 1:3-14). ഇതു തിരുവെഴുത്തിലെ "കിരീടാഭരണ" വാക്യമാണ്. ഇവിടെയാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം. ദൈവത്തിന്റെ മഹത്തായ സ്നേഹത്തെ യോഹന്നാൻ വെളിപ്പെടുത്തി – ക്ഷമിക്കപ്പെട്ട പാപികളെ ദൈവമക്കൾ എന്നു വിളിക്കണം എന്നതാണ് അത്. "ഇപ്പോൾ നാം ദൈവമക്കൾ ആണ്!" എന്നു യോഹന്നാൻ പറഞ്ഞു (1 യോഹന്നാൻ 3:1, 2). എന്തൊരു ശ്രേഷ്ഠ ചിന്ത! എന്തൊരു നേട്ടം! ഇതിൽ നാം റോമൻ ആശയമായ സ്വാതന്ത്ര്യവും പുത്ര

ത്വവും കാണുന്നു. സ്വതന്ത്രരാക്കി! പുനരേകീകരിച്ചു! ദത്തെടുക്കപ്പെട്ടു! ദൈവത്തിനു സ്തോത്രം! ക്രിസ്തുവിനെ അവകാശപ്പെടുക എന്നാൽ കുറ്റവിമോചനം അവകാശപ്പെടുക എന്നാണ്. ജീവിതമാകുന്ന യുദ്ധത്തെ തനിയെ ജയിക്കുവാൻ നമുക്കു കഴിയുകയില്ല. നമുക്കു ചെയ്യുവാൻ കഴിയാത്തതു ദൈവം ചെയ്തു, അങ്ങനെ നമുക്ക് ചിന്തിക്കുവാൻ പോലും പറ്റാത്ത വിധത്തിൽ നാം ആകുന്നു.

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പുകൾ

[1]നോക്കുക വെളിപ്പാട് 5:6, 12, 13; 6:16; 7:9, 10, 14; 12:11; 13:8; 14:1, 4; 21:9; 22:1, 3. [2]ലേഖകൻ അജ്ഞാതൻ, "ഹി പെയ്ഡ് എ ഡെബ്റ്റ്," *സോങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്,* കോമ്പ്. ആന്റ് എഡി. ആൾട്ടൺ എച്ച്. ഹൊവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹൊവാർഡ് പബ്ളിഷിങ്ങ് കമ്പനി., 1994). [3]നോക്കുക റോമർ 5:5–10; എഫെസ്യർ 1:3–13; ഫിലിപ്പിയർ 3:7–10; എബ്രായർ 2:9, 14–17; 7:25; 9:28; 10:10; 12:1, 2; 1 പത്രൊസ് 2:24; 1 യോഹന്നാൻ 2:1, 2. [4]ചാൾസ് ഹോഡ്ജ്, *സിസ്റ്റമാറ്റിക് തിയോളജി,* വാല്യം. 2 (ന്യൂയോർക്ക്: സ്ക്രിബ്നെർ, ആംസ്ട്രോങ്ങ്, ആന്റ് കമ്പനി., 1876), 555. [5]ക്രിസ്ത്യാനിയുടെ ഹൃദയത്തിൽ ജീവിക്കുന്ന ദൈവത്തിന്റെ വഴി (നോക്കുക റോമർ 8:9–11; 1 കൊരിന്ത്യർ 6:19, 20).

© 2009 Truth for Today